# ദൈവത്തിന്റെ അത്ഭുതസ്നേഹവും കൃപയും!

# സാറായുടെ കത്ത്

സകല നാമത്തിലും മേലായ നാമമായ യേശു ക്രിസ്തുവിന്റെ ഏറ്റവും വിലയേറിയ നാമത്തിൽ താങ്കൾക്ക് എന്റെ സ്നേഹവന്ദനം!

ഒരിക്കൽ ഒരു പിതാവ് തന്റെ പ്രിയ മകന്റെ പിറനാളിന് ഒരു കളിപ്പാട്ടം സമ്മാനമായി നല്കി. അത് പല ഭാഗങ്ങളായി പാക്ക് ചെയ്തിരുന്ന ഒരു കളിബോട്ട് ആയിരുന്നു.

ആ ബാലൻ അത് വളരെ സമയമെടുത്ത്, ശ്രദ്ധാപൂർവ്വം മനോഹരമായ ഒരു ബോട്ട് ആക്കിമാറ്റി. വളരെ അഭിമാനപൂർവ്വം അവൻ അതിനെ അടുത്തുള്ള നദിയിൽ ഒഴുക്കി കളിച്ചു. എന്നാൽ ഒരു ദിവസം വൈകുന്നേരം കളിക്കിടെ പെട്ടെന്ന് ശക്തമായ ഒരു കാറ്റടിച്ച് ആ ബോട്ട് ഒഴുകിപോയി. അവൻ അതിനെ തിരിച്ചു പിടിക്കാനായി നദിക്കരയിലൂടെ കുറേ ദൂരം ഓടി. എങ്കിലും ശക്തമായ കാററിലും ഒഴുക്കിലും പെട്ട ആ കളിവള്ളം നിയന്ത്രണം വിട്ട് ദൂരേക്ക് കൈവിട്ടുപോയി. ആ ബാലന്റെ ഹൃദയം വല്ലാതെ വേദനിച്ചു. അതുപോലെ സുന്ദരമായ മറെറാരു ബോട്ടുണ്ടാക്കുവാൻ എത്രമാത്രം കഷ്ടപ്പെടേണ്ടി വരുമെന്ന് അവന് നന്നായി അറിയാമായിരുന്നു.



ഒഴുക്കിൽപെട്ട് നദിയിലൂടെ ഒഴുകിയ ആ കളിബോട്ട് ഒരു മനുഷ്യന്റെ ശ്രദ്ധയിൽപെട്ടു. അയാൾ അതെടുത്ത് വൃത്തിയാക്കി ഒരു കടയിൽ കൊണ്ടു വിററു. വൈകുന്നേരം സ്കൂളിൽ നിന്നും വരുന്ന വഴി ബാലൻ പട്ടണത്തിലെ ഒരു കടയിൽ ജനാലക്കരികെ പ്രദർശനത്തിനു വെച്ചിരിക്കുന്ന ഒരു കളിബോട്ട് കണ്ടു. അത് അവന്റെ ബോട്ട് പോലെ തന്നെ! അവൻ കടയിൽ കയറി ആ ബോട്ട് എടുത്തു നോക്കി. ബാലൻ അതിശയിച്ചുപോയി! ആ ബോട്ട് അവന്റേതുതന്നെയാണെന്ന് ഉറപ്പുവരുത്തി. അവൻ കടക്കാരനോട്, ആ ബോട്ട് തന്റേതാണെന്നും താൻ ഉണ്ടാക്കിയതാണെന്നും കളിക്കിടെ ഒഴുക്കിൽപെട്ടു നഷ്ടപ്പെട്ടു പോയതാണെന്നും പറഞ്ഞു. എന്നാൽ കടക്കാരൻ അത് സമ്മതിക്കാൻ തയ്യാറായില്ല. തന്റെ ഭാഗം തെളിയിക്കാൻ ആ ബാലന് സാധിച്ചുമില്ല. ആ ബോട്ട് സ്വന്തമാക്കണമെങ്കിൽ വിലകൊടുത്തു വാങ്ങാൻ ബാലനോട് ആവശ്യപ്പെട്ടു. ബാലന് മററു മാർഗ്ഗമൊന്നും ഇല്ലായിരുന്നതിനാൽ ഒടുവിൽ കട ക്കാരൻ പറഞ്ഞ മുഴുവൻ വിലയും കൊടുത്ത് അവൻ വീണ്ടും ആ കളിബോട്ടിനെ തന്റെ സ്വന്തമാക്കി.

അഭിമാനത്തോടെ, ആ കളിബോട്ടും കൈയ്യിലെടുത്ത് കടയിൽനിന്നും പോകുന്നവഴി, അവൻ ആ ബോട്ടിനെ നോക്കി ഇപ്രകാരം പറഞ്ഞു — ''എന്റെ കുഞ്ഞുബോട്ടേ, നീ ഇപ്പോൾ രണ്ടുമടങ്ങ് എന്റെ സ്വന്തമാണ്. ഒരിക്കൽ ഞാൻ നിന്നെ എന്റെ സ്വന്തം കൈകൊണ്ട് ഉണ്ടാക്കി; പക്ഷെ നീ നഷ്ടപ്പെട്ടു പോയിരുന്നു. എന്നാൽ ഇപ്പോൾ ഞാൻ നിന്നെ വിലകൊടുത്ത് വീണ്ടും വാങ്ങിയിരിക്കുന്നു.''

ജാതിമതഭേതമില്ലാതെ നാം എല്ലാവരും ഈ കളിബോട്ട് പോലെയാണ്! ഒരിക്കൽ സർവ്വശക്തനായ ദൈവം നമ്മളെ സൃഷ്ടിച്ചു. പക്ഷേ പാപം മൂലം നാമെല്ലാവരും ദൈവത്തിൽ നിന്നും വഴിതെറ്റി സാത്താന്റെ അധീനതയിലായിപ്പോയി. എന്നാൽ ദൈവം നമ്മുടെ പാപം ക്ഷമിച്ച്, നമ്മളെ രണ്ടാമതും തന്റെ സ്വന്തമാക്കി തീർക്കുവാൻ — നമ്മുക്ക് നിത്യജീവൻ സൗജന്യദാനമായി നല്കുവാൻ — ദൈവം തന്റെ ഏകജാതനായ പുത്രൻ യേശു ക്രിസ്തുവിന്റെ രക്തവും ജീവനും മറുവില കൊടുത്ത് നമ്മളെ വീണ്ടെടുക്കുവാൻ തയ്യാറായി.

പ്രിയ സുഹൃത്തേ — ഈ കത്ത് ഞാൻ എഴുതുന്നതിന്റെ ഉദ്ദേശം താങ്കളുടെ മതം/സഭ മാറ്റാനോ താങ്കളെ ക്രിസ്തീയ മതത്തിൽ ചേർക്കാനോ അല്ല എന്ന് ആദ്യമേ താങ്കൾ അറിയണം എന്ന് ഞാൻ ആഗ്രഹിക്കുന്നു. മറിച്ച് സർവ്വശക്തനായ ദൈവം സൗജന്യദാനമായി ഒരുക്കിയിരിക്കുന്ന 'നിത്യജീവൻ' എങ്ങനെ നിങ്ങൾക്കും സ്വന്തമാക്കാം (സ്വീകരിക്കാം) — അഥവാ, ഇന്ന് മരിച്ചാൽ തീർച്ചയായും നിങ്ങൾ സ്വർഗ്ഗത്തിൽ എത്തും എന്ന് 'എങ്ങനെ ഉറപ്പാക്കാം' എന്നും താങ്കളെ അറിയിക്കാനാണ് ഈ കത്തിന്റെ ഉദ്ദേശം! സ്വർഗ്ഗീയ സമാധാനം, സന്തോഷം, സ്നേഹം ഇവയാൽ നിറഞ്ഞ ഒരു ജീവിതം താങ്കൾ ആഗ്രഹിക്കുന്നില്ലേ? ഇപ്പോൾ നിരാശ, ആശങ്ക, നിന്ദ, കുറ്റബോധം, ഏകാന്തത, ഭയം ഇവയാ ലോ, മരണ/ആത്മഹത്യാചിന്ത, ആശയറ്റ അവസ്ഥ എന്നിവയാലോ ദുഃഖിച്ചു കഴിയുകയാണോ?

**ഇന്നു മുതൽ** സന്തോഷകരമായ ഒരു **പുതിയ ജീവിതം** 'യേശു ക്രിസ്തുവിൽ' ആരംഭിക്കുവാൻ താങ്കൾക്കു കഴിയും. ദൈവം ഇത് സൗജന്യദാനമായി നിങ്ങൾക്കു നൽകിയിരിക്കുന്നു! സന്തോഷകര മായ ആ പുതിയ ജീവിതം സ്വീകരിക്കുവാൻ താങ്കൾ തയ്യാറാണോ സുഹൃത്തേ? എങ്കിൽ ശ്രദ്ധയോടെ ക്ഷമയോടെ ഇത് വായിച്ച് മനസ്സിലാക്കി **ഇപ്പോൾതന്നെ** താങ്കൾ ആ സൗജന്യദാനം സ്വന്തമാക്കൂ ...

ബൈബിൾ ഇപ്രകാരം പറയുന്നു..... ആകാശവും ഭൂമിയും സൃഷ്ടിച്ച സർവ്വശക്തനായ ദൈവം ഭൂമിയിലെ പൊടിയിൽ നിന്നും തന്റെ സ്വരൂപത്തിലും തന്റെ സാദൃശ്യത്തിലും മനുഷ്യനെ സൃഷ്ടിച്ചു. മണ്ണുകൊണ്ടു മെനഞ്ഞ മനുഷ്യന്റെ മൂക്കിൽ ദൈവം ജീവശ്വാസം (പ്രാണവായു) ഊതി. അപ്പോൾ ആ മനുഷ്യൻ ജീവനുള്ളവനായിത്തീർന്നു. ദൈവം ഇപ്രകാരം സൃഷ്ടിച്ച ആദ്യമനുഷ്യന് 'ആദാം' എന്ന പേരു വിളിച്ചു. കിഴക്ക് ഏദെനിൽ ദൈവം ഒരു തോട്ടം ഉണ്ടാക്കി; അതിൽ വേല ചെയ്വാനും തോട്ടം കാപ്പാനും ആദാമിനെ അവിടെ ആക്കി. (ഉല്പത്തി 1:26-27; 2:7-8,15)

ഭൂമിയിൽ നിന്നും ദൈവം മുളെപ്പിച്ച വിത്തുള്ള സസ്യങ്ങളും വൃക്ഷത്തിന്റെ വിത്തുള്ള ഫലം കായ്ക്കുന്ന സകല വൃക്ഷങ്ങളും ആഹാരമായി കൊടുത്തു. തോട്ടത്തിന്റെ നടുവിൽ ജീവവൃക്ഷവും നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷവും ദൈവം ഭൂമിയിൽ നിന്നും മുളെപ്പിച്ചു. ദൈവം ആദാമിനോട് പറഞ്ഞു — തോട്ടത്തിലെ സകല വൃക്ഷങ്ങളുടെയും ഫലം ഇഷ്ടം പോലെ തിന്നാം. എന്നാൽ നന്മതിന്മകളെക്കുറിച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം **തിന്നരുത്** ; '**തിന്നുന്ന നാളിൽ നീ മരിക്കും**' എന്നു കല്പിച്ചു. ആദാമിനെ സഹായിക്കുവാൻ ദൈവം ആദാമിന് ഒരു തുണയെ (ഹവ്വാ) കൊടുത്തു. അവർ ഇരുവരും ഏദെൻ തോട്ടത്തിൽ ജീവിച്ചുപോന്നു. (ഉല്പത്തി 1:11-12,29; 2:9,16-18; 21-25)

പക്ഷേ ദൈവം വിലക്കിയ ആ വൃക്ഷത്തിന്റെ ഫലം അവർ തിന്നു — ആദാമും ഹവ്വായും അനുസരണക്കേടിനാൽ ദൈവത്തോട് പാപം ചെയ്തു. അതുമൂലം അവർക്ക് ശാപവും, ആത്മീക മരണവും ഉണ്ടായി (ദൈവത്തിൽ നിന്നും അവർ വേർപെട്ടുപോയി) — അവർ ഏദെൻ തോട്ടത്തിൽ നിന്നും പുറത്താക്കപ്പെട്ടു. ആദാമിന്റെ ആയുഷ്ക്കാലം ആകെ 930 വയസായിരുന്നു; പിന്നെ ആദാം (ശാരീരികമായും) മരിച്ചു... (ഉല്പത്തി 3:23-24; 5:5) <കൂടുതൽ അറിയുവാൻ രണ്ടാം ഭാഗം വായിക്കുക>

ബൈബിൾ പറയുന്നു..... ''..... പാപം ചെയ്യുന്ന ദേഹി മരിക്കും.'' (യെഹസ്ക്കേൽ 18:4.c; 20)

''..... പാപത്തിന്റെ ശമ്പളം (പ്രതിഫലം) മരണമത്രേ;'' (റോമർ 6:23.a)

''അതുകൊണ്ട് ഏകമനുഷ്യനാൽ (ആദാമിനാൽ) പാപവും (അനുസരണക്കേടു മൂലം ദൈവകല്പന ലംഘിച്ച പാപം) പാപത്താൽ മരണവും ലോകത്തിൽ കടന്നു. ഇങ്ങനെ എല്ലാവരും പാപം ചെയ്കയാൽ മരണം സകല മനുഷ്യരിലും പരന്നിരിക്കുന്നു.'' (റോമർ 5:12)

''എല്ലാവരും വഴിതെറ്റി ഒരുപോലെ കൊള്ളരുതാത്തവരായിത്തീർന്നു.'' (സങ്കീർത്തനം 14:3; റോമർ 3:12)

''പാപം ചെയ്യാതെ നന്മ മാത്രം ചെയ്യുന്ന ഒരു നീതിമാനും ഭൂമിയിൽ ഇല്ല.'' (സഭാപ്രസംഗി 7:20)

''നീതിമാൻ ആരുമില്ല. ഒരുത്തൻ പോലുമില്ല.'' (റോമർ 3:10)

ആയതിനാൽ, ലോകത്തിലെ സകല മനുഷ്യരും, ജാതിമതഭേതമില്ലാതെ, ആദാമിൽ നിന്നും ജനിച്ചവർ ആകയാൽ എല്ലാവരും പാപത്തിനും, പാപത്തിന്റെ ഫലമായി ശാപങ്ങൾക്കും, മരണത്തിനും, സാത്താനും അടിമകളായിത്തീർന്ന് അവസാനം നിത്യനരകത്തിൽ വീഴുവാനിടയാകുന്നു. **എന്നാൽ** ............

''ദൈവത്തിന്റെ കൃപാവരമോ (സൗജന്യ ദാനം) നമ്മുടെ കർത്താവായ യേശു ക്രിസ്തുവിൽ **നിത്യജീവൻ** തന്നെ.'' (റോമർ 6:23.b) (നിത്യജീവൻ എന്നത് ദൈവകോപത്തിൽ നിന്നും പാപത്തിൽ നിന്നും പാപത്തിന്റെ ശിക്ഷയായ മരണത്തിൽ നിന്നും നിത്യനരകത്തിൽ നിന്നുമുള്ള നിത്യമോചനവും സ്വർഗ്ഗത്തിൽ കർത്താവായ യേശു ക്രിസ്തുവിന്റെ കൂടെയുള്ള യുഗായുഗ ജീവിതവും ആകുന്നു.)

അതായത്, പാപത്തെ വെറുക്കുകയും പാപികളുടെ മാനസാന്തരം ആഗ്രഹിക്കയും ചെയ്യുന്ന ദൈവം, പാപികളായ നമ്മളെ അളവില്ലാതെ സ്നേഹിക്കുന്നതിനാൽ, നമ്മളെ ദൈവകോപത്തിൽ നിന്നും, പാപത്തിൽ നിന്നും, പാപത്തിന്റെ ശിക്ഷയായ നിത്യനരകത്തിൽ നിന്നും വീണ്ടെടുത്ത് (രക്ഷിച്ച്) നമ്മുക്കു നിത്യജീവൻ തരുവാൻ തന്റെ ഏകജാതനായ പുത്രനെ (യേശുവിനെ) ലോകത്തിലേക്ക് അയച്ചു.

''തന്റെ ഏകജാതനായ പുത്രനിൽ (യേശുവിൽ) വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിന് ദൈവം അവനെ (യേശുവിനെ) നൽകുവാൻ തക്കവണ്ണം ലോകത്തെ (നമ്മളെ) സ്നേഹിച്ചു.'' (യോഹന്നാൻ 3:16)

ദൈവപുത്രനായ യേശു ക്രിസ്തു ഈ ഭൂമിയിൽ മനുഷ്യപുത്രനായി പാപമില്ലാതെ ജനിച്ച് പാപമില്ലാതെ ജീവിച്ച് നമ്മുടെ പാപങ്ങളുടെ ശിക്ഷക്ക് പ്രായശ്ചിത്തമായി, **തന്റെ പാപമില്ലാത്ത പുണ്യരക്തം ചൊരിഞ്ഞ്** നമ്മുക്കു 'പകരക്കാരനായി' നമ്മളുടെ പാപങ്ങൾക്കുവേണ്ടി തിരുവെഴുത്തുകളിൻ പ്രകാരം മരിച്ചു, അടക്കപ്പെട്ടു. പിതാവായ ദൈവം യേശുവിനെ തിരുവെഴുത്തുകളിൻ പ്രകാരം മൂന്നാം നാൾ മരിച്ചവരിൽ നിന്ന് ഉയർപ്പിച്ചു. യേശു തന്റെ ജീവൻ നമ്മുടെ ജീവന് **മറുവിലയായി** കൊടുത്ത് നമ്മെ (എല്ലാ മനുഷ്യരേയും) വിലക്കു വാങ്ങി. ഇതാണ് പാപികളെ സ്നേഹിക്കുന്ന ദൈവത്തിന്റെ മഹാ സ്നേഹം! (മത്തായി 20:28; മർക്കോസ് 10:45; റോമർ 5:8; 8:32; 10:9; 1 കൊരിന്ത്യർ 15:3)

‘‘മാംസത്തിന്റെ ജീവൻ രക്തത്തിൽ അല്ലോ ഇരിക്കുന്നതു; ... രക്തമല്ലോ ജീവൻ മൂലമായി പ്രായ ശ്ചിത്തം ആകുന്നതു.’’ (ലേവ്യപുസ്തകം 17:11; 14)

‘‘...രക്തം ചൊരിഞ്ഞിട്ടല്ലാതെ (പാപത്തിൽ നിന്നും) വിമോചനമില്ല.’’ (എബ്രായർ 9:22)

‘‘പാപം അറിയാത്തവനെ (യേശുവിനെ) നാം അവനിൽ (യേശുവിൽ) ദൈവത്തിന്റെ നീതി ആകേണ്ട തിന് അവൻ (ദൈവം) നമുക്കുവേണ്ടി (യേശുവിനെ) പാപം ആക്കി.’’ (2 കൊരിന്ത്യർ 5:21)

ദൈവം തന്റെ പുത്രനായ യേശു ക്രിസ്തുവിലൂടെ നമ്മുക്ക് രക്ഷ/നിത്യജീവൻ സൗജന്യമായി ഒരുക്കി യിരിക്കുന്നു. ഈ രക്ഷ സ്വന്തമാക്കാൻ **താങ്കൾ** ഇനി എന്തു ചെയ്യണം? **ശ്രദ്ധയോടെ വായിക്കുക...**




ദൈവം വിലക്കിയ വൃക്ഷത്തിന്റെ ഫലം തിന്ന് ആദാം ദൈവകല്പന ലംഘിച്ചപ്പോൾ, ആദാം പാപി യായിത്തീർന്നു — ‘‘തിന്നുന്ന നാളിൽ നീ മരിക്കും’’ എന്ന ദൈവത്തിന്റെ വിധിയാൽ, ആദാം ആത്മീകമായി മരിച്ചു. സകല മാനവരാശിയും, ദൈവത്തോട് **പാപം ചെയ്തു** പാപിയായ ആദാമിന്റെ സന്തതികളാണ് — **ആദാം എന്ന പാപിയിൽ നിന്നും ജനിച്ച പാപികൾ ആണ്** നാം എല്ലാവരും!

അതായത്, ജീവനുള്ള സകലത്തേയും —മരത്തേയും മൃഗത്തേയും മനുഷ്യനേയും— **വിത്തോടുകൂടെ** ദൈവം സൃഷ്ടിച്ചത് **അതതുതരം** തലമുറകളെ ജനിപ്പിക്കാനാണ്. സർവ്വശക്തനായ ദൈവം തന്റെ **സ്വരൂ പത്തിലും** തന്റെ **സാദൃശ്യത്തിലും** ആദാമിനെ സൃഷ്ടിച്ചത് ആദാമിന്റെ അതേ സ്വരൂപത്തിലും സാദൃശ്യത്തിലും ആദാം തന്റെ മക്കളെ (തലമുറകളെ) ജനിപ്പിക്കാനാണ്. ദൈവകല്പന ലംഘിച്ചു എന്ന **പാപം** ആദാമിന്റെ ആത്മാവിനെ കൊന്നു (ആദാം ആത്മീകമായി മരിച്ചു — ദൈവത്തിൽ നിന്നും വേർപെട്ടുപോയി) — താൻ നഗ്നനാണെന്ന് ആദാം അറിഞ്ഞു. ദൈവം വിലക്കിയ നന്മതിന്മകളെക്കുറി ച്ചുള്ള അറിവിന്റെ വൃക്ഷത്തിൻ ഫലം തിന്നപ്പോൾ, പാപം ആദാമിലേക്ക് കടന്നു — വിലക്കപ്പെട്ട ഫലത്തിന്റെ വിത്ത് ആദാമിന്റെ വിത്തിനെ (ബീജത്തെ) നശിപ്പിച്ചു (കൊന്നു). ദൈവത്തെ അനുസരി ക്കാതെ സാത്താനെ അനുസരിച്ചതിനാൽ ആദാം ദൈവത്തിന്റെ സ്വഭാവം (ദൈവതേജസ്സ്) നഷ്ട പ്പെടുത്തി സാത്താന്റെ പാപസ്വഭാവത്തിന് അടിമയായ്ത്തീർന്നു. അതായത്, നമ്മൾ പാപം **ചെയ്ത്** പാപികൾ ആയതല്ല. **പാപിയായ ആദാമിന്റെ** മക്കളായി ജനിച്ചതിനാൽ, നാം എല്ലാവരും ജനിക്കുന്നത് പാപത്തിൽ ആണ്; നാം ജന്മനാ പാപികൾ ആണ്. (ഉല്പത്തി 1:11:12, 25:27; 3:7)

‘‘എല്ലാവരും പാപം ചെയ്തു ദൈവതേജസ്സു ഇല്ലാത്തവരായിത്തീർന്നു,’’ (റോമർ 3:23)

ഒരു പാപിക്ക് പാപികളുടെ തലമുറയെ മാത്രമേ ജനിപ്പിക്കാൻ സാധിക്കു; ആയതിനാൽ പാപസ്വഭാവ മുള്ള ആദാമിന് പാപസ്വഭാവമുള്ള (പാപികളായ) മക്കളെ (തലമുറകളെ) മാത്രമേ ജനിപ്പിക്കാൻ സാധിക്കു. ഈ പാപ-സ്വഭാവം ആദാമിൽ നിന്നും തന്റെ തലമുറകളിലേക്ക് പകർന്ന് (കൈമാറി) ഇപ്പോൾ നമ്മളിലും എത്തിയിരിക്കുന്നു! അതുകൊണ്ട് ഈ ആദാമ്യ (ആദ്യ) **പാപ-സ്വഭാവം** ജന്മനാ നമ്മളിൽ ഉള്ളതിനാലും, അതുമൂലം പാപം ചെയ്യാനുള്ള ആസക്തി/പ്രവണത നമ്മളിൽ ഉള്ളതി നാലും, നമ്മൾക്ക് പാപം **ചെയ്യാതിരിക്കാൻ അസാധ്യമായിരിക്കുന്നു** — അങ്ങനെ നമ്മൾ എല്ലാവരും പാപം ചെയ്യുന്നു. (ഉല്പത്തി 5:3) പരിശുദ്ധനായ ദൈവത്തിന്റെ മുമ്പിൽ അങ്ങനെ എല്ലാ മനുഷ്യരും, ആൺ-പെൺ-ജാതി-മത-ഭേതമില്ലാതെ, പാപത്താൽ **അശുദ്ധരായിത്തീർന്നു.**

‘‘(നാം എല്ലാവരും) അശുദ്ധനെപ്പോലെ ആയിത്തീർന്നു;’’ (യെശയ്യാവ് 64:6).

‘‘അശുദ്ധനിൽ നിന്നു ജനിച്ച വിശുദ്ധൻ ഉണ്ടോ? ഒരുത്തനുമില്ല.’’ (ഇയ്യോബ് 14:4)

ദൈവം പാപത്തെ വെറുക്കുന്നു. പാപമാണ് നമ്മളെ ദൈവത്തിൽ നിന്നും അകറ്റുന്നത്. (യെശയ്യാവ് 59:2) പാപമാണ് സകല ദുഷ്ടതയുടേയും (തിന്മയുടേയും) ഉറവിടം! ജോലി ചെയ്ത് നമ്മൾ പണം സമ്പാദിക്കുന്നതു പോലെ, പാപം ചെയ്യുന്നതിന്റെ പ്രതിഫലമാണ് മരണം! (റോമർ 6:23.a) ആത്മീകവും ശാരീരികവുമായ മരണവും, ശാപവും മനുഷ്യവർഗ്ഗത്തിൽ കടന്നത് പാപം മൂലമാണ്. ഒരിക്കൽ മരിച്ചവരാണ് ‘രണ്ടാമതും’ അഥവാ ‘വീണ്ടും’ ജനിക്കേണ്ടത്. **ആത്മീകമായി മരിച്ച** ആദാമിൽ നിന്നും തന്റെ തലമുറകളിലേക്ക് കൈമാറിവരുന്നത് **മരിച്ച ആത്മാവാണ്.** ഇപ്രകാരം **ആദാമ്യപാപം മൂലം ആത്മീകമായി മരിച്ചിരിക്കുന്ന മനുഷ്യർ** (പുരുഷനായാലും സ്ത്രീയായാലും) സ്വർഗ്ഗത്തിൽ പ്രവേശി ക്കാൻ ഇച്ഛിക്കുന്നുവെങ്കിൽ ആ വ്യക്തി ആത്മീക മരണത്തിൽ നിന്നും ആത്മീകമായി വീണ്ടും ജനിക്കണം എന്ന് യേശു പറഞ്ഞു — ‘‘ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: **പുതുതായി ജനി ച്ചില്ല എങ്കിൽ** ദൈവരാജ്യം കാണ്മാൻ ആർക്കും കഴികയില്ല.’’ (യോഹന്നാൻ 3:3) ‘‘ആമേൻ, ആമേൻ ഞാൻ നിന്നോടു പറയുന്നു: **വെള്ളത്താലും ആത്മാവിനാലും ജനിച്ചില്ല എങ്കിൽ** ദൈവരാജ്യത്തിൽ കട പ്പാൻ ആർക്കും കഴികയില്ല.’’ (യോഹന്നാൻ 3:5) ‘വീണ്ടും ജനിക്കണം’ എന്നാൽ ‘ഇപ്പോൾ ജനിച്ച ശിശുവിനെപ്പോലെ’ **ക്രിസ്തുവിൽ** ഒരു **പുതിയ** സൃഷ്ടിയായി/**മനുഷ്യനായിത്തീരണം** എന്നർത്ഥം.

(ഈ ഭാഗത്ത് **വെള്ളം** എന്നത് അർത്ഥമാക്കുന്നത് **ദൈവവചനത്തേയും, ആത്മാവ്** എന്നത് അർത്ഥമാ ക്കുന്നത് **പരിശുദ്ധാത്മാവാം ദൈവത്തേയും** ആണ്.)

ഈ ലോകത്തിൽ ഒരു ജനനം ഉണ്ടാകുവാൻ — അത് മനുഷ്യനായാലും മരമായാലും മൃഗമായാലും — ഒരു ബീജവും (വിത്ത്) ഒരു അണ്ഡവും (മുട്ട) ആവശ്യമാണ്. അതുപോലെ ആത്മീക ജനനത്തിലും, ''അണ്ഡം'' എന്നത് മനുഷ്യന്റെ ആത്മാവും, ''ബീജം'' എന്നത് ഒരിക്കലും നശിച്ചുപോകാത്ത, സർഗ്ഗത്തിൽ എന്നേക്കും സ്ഥിരമായിരിക്കുന്ന ദൈവവചനവും (ബൈബിൾ വാക്യങ്ങൾ) ആകുന്നു.

''കെടുന്ന ബീജത്താലല്ല കെടാത്തതിനാൽ, ജീവനുള്ളതും നിലനില്ക്കുന്നതുമായ ദൈവവചനത്താൽ തന്നേ, നിങ്ങൾ വീണ്ടും ജനിച്ചിരിക്കുന്നു.'' (1 പത്രൊസ് 1:23)

ദൈവത്തിന്റെ വചനം (ബൈബിൾ വാക്യങ്ങൾ) ഏറ്റവും മൂർച്ചയുള്ള വാളുപോലെയാണ്. പാപത്തിൽ ജീവിക്കുന്ന ഒരു വ്യക്തി, ദൈവവചനം കേൾക്കുമ്പോൾ അല്ലെങ്കിൽ വായിക്കുമ്പോൾ, ആ വ്യക്തിയുടെ ഹൃദയത്തിൽ ദൈവവചനത്താൽ കുത്തുകൊള്ളുന്നു.

''ദൈവത്തിന്റെ വചനം ജീവനും ചൈതന്യവുമുള്ളതായി ഇരുവായ്ത്തലയുള്ള ഏതു വാളിനെക്കാളും മൂർച്ചയേറിയതും പ്രാണനെയും ആത്മാവിനെയും സന്ധിമജ്ജകളെയും വേറുവിടുവിക്കുംവരെ തുളച്ചു ചെല്ലുന്നതും ഹൃദയത്തിലെ ചിന്തനങ്ങളെയും ഭാവങ്ങളെയും വിവേചിക്കുന്നതും ആകുന്നു.'' (എബ്രായർ 4:12)

അങ്ങനെ കുത്തുകൊള്ളുമ്പോൾ, പരിശുദ്ധാത്മാവ് ആ വ്യക്തിക്ക് **പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും** ബോധം വരുത്തും. (യോഹന്നാൻ 16:8) ''അവൻ (പരിശുദ്ധാത്മാവ്) വന്ന് പാപത്തെക്കുറിച്ചും നീതിയെക്കുറിച്ചും ന്യായവിധിയെക്കുറിച്ചും ലോകത്തിന് (പാപികൾക്ക്) ബോധം വരുത്തും.'' <കൂടുതൽ അറിയുവാൻ രണ്ടാം ഭാഗം വായിക്കുക>

കൂടുതൽ മനസ്സിലാക്കാൻ, ഒരു വ്യക്തി (ഇവിടെ താങ്കൾ) ദൈവവചനം ശ്രവിക്കുമ്പോൾ/വായിക്കുമ്പോൾ, എല്ലാ ലോകമനുഷ്യരുടേയും യാത്ര (അവസാനം) പാപംമൂലം നിത്യനരകത്തിലേക്കാണെന്ന് പരിശുദ്ധാത്മാവാം ദൈവം ആ വ്യക്തിക്ക് (താങ്കൾക്ക്) ബോധം വരുത്തുന്നു (മനസ്സിലാക്കുന്നു). താങ്കൾ അതു വിശ്വസിച്ച്, താങ്കളെത്തന്നെ താഴ്മപ്പെടുത്തി, ദൈവത്തിങ്കലേക്കു തിരിഞ്ഞ്, താങ്കളുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറഞ്ഞ് അനുതപിച്ചാൽ, ദൈവം തന്റെ കൃപയാൽ —

- താങ്കളുടെ പാപങ്ങൾ എത്ര വലിയതാണെങ്കിലും അതെല്ലാം ക്ഷമിക്കും;
- താങ്കളുടെ പാപമോചനത്തിനായി യേശു ക്രിസ്തു തന്റെ പാപമില്ലാത്ത രക്തം ചൊരിഞ്ഞ് മരിച്ച് ഉയർത്തെഴുന്നേറ്റു എന്ന് അംഗീകരിപ്പാൻ വിശ്വാസം നൽകും;
- യേശു ക്രിസ്തുവിനെ താങ്കളുടെ കർത്താവും സ്വന്തരക്ഷകനുമായി അംഗീകരിച്ച് വിശ്വാസത്തോടെ ഏറ്റുപറഞ്ഞ് രക്ഷിക്കപ്പെടാൻ (വീണ്ടും ജനിക്കാൻ) താങ്കൾക്ക് കൃപ നല്കും.

ആയതിനാൽ, നാം ചെയ്തുപോയ പാപങ്ങളിൽ നിന്നും നിത്യമായ മോചനത്തിനായി, നാം നമ്മുടെ പാപങ്ങളെ ദൈവത്തോട് നേരിട്ട് ആത്മാർത്ഥമായി അനുതപിച്ച് പശ്ചാത്താപ ഹൃദയത്തോടെ ഏറ്റുപറഞ്ഞ് ക്ഷമ ചോദിക്കണം. അതായത്, 'നാം ദൈവത്തോട് പാപം ചെയ്തു' എന്ന് (നാം പാപികളാണെന്ന്) മനസ്സിലാക്കി, ദൈവത്തോട് തുറന്ന് സമ്മതിച്ച് ക്ഷമ ചോദിക്കണം. നാം പാപികളാണെന്ന് ദൈവത്തിന് അറിയാമെങ്കിലും ദൈവത്തോട് നമ്മുടെ ഈ ഏറ്റുപറച്ചിൽ അത്യാവശ്യമാണ്.

''നമ്മുടെ പാപങ്ങളെ ഏറ്റുപറയുന്നു എങ്കിൽ അവൻ (ദൈവം) നമ്മോടു പാപങ്ങളെ ക്ഷമിച്ചു സകല അനീതിയും പോക്കി നമ്മെ ശുദ്ധീകരിപ്പാൻ തക്കവണ്ണം വിശ്വസ്തനും നീതിമാനും ആകുന്നു.'' (1 യോഹന്നാൻ 1:9)

ഇപ്രകാരം നാം നമ്മുടെ പാപങ്ങളെ ദൈവത്തോട് ഏറ്റുപറയുമ്പോൾ, ദൈവം നമ്മുടെ സകല പാപങ്ങളും നമ്മോട് ക്ഷമിക്കുകയും, ദൈവം തന്റെ പുത്രനായ യേശുവിന്റെ പാപമില്ലാത്ത പുണ്യരക്തത്താൽ നമ്മെ കഴുകി ശുദ്ധമാക്കി മഞ്ഞുപോലെ വെളുപ്പിക്കുകയും (വിശുദ്ധീകരിക്കയും) ചെയ്യും.

''വരുവിൻ, നമ്മുക്കു തമ്മിൽ വാദിക്കാം എന്ന് യഹോവ അരുളിച്ചെയ്യുന്നു; നിങ്ങളുടെ പാപങ്ങൾ കടുഞ്ചുവപ്പായിരുന്നാലും ഹിമം (മഞ്ഞ്) പോലെ വെളുക്കും; രക്താംബരം പോലെ ചുവപ്പായിരുന്നാലും പഞ്ഞിപോലെ ആയിത്തീരും.'' (യെശയ്യാവ് 1:18)

അങ്ങനെ പാപജീവിതത്തിൽ നിന്നും വേർപെട്ട് ദൈവത്തിങ്കലേക്ക് തിരിഞ്ഞ് വിശുദ്ധിയോടെ സത്യസന്ധമായി ദൈവവചനം അനുസരിച്ച് ദൈവത്തിന്റെ ഇഷ്ടപ്രകാരം ജീവിക്കണം. അങ്ങനെ ജീവിക്കുവാൻ സഹായിക്കണമേ എന്ന് പ്രാർത്ഥിക്കുമ്പോൾ ദൈവം നമ്മളെ സഹായിക്കും.

താങ്കൾ ഒരു അതിഥിയെ ഭക്ഷണത്തിനായി താങ്കളുടെ ഭവനത്തിലേക്കു ക്ഷണിച്ചു എന്ന് സങ്കല്പിക്കുക. താങ്കൾ എന്തെല്ലാം ചെയ്യും? താങ്കളുടെ ഭവനം നന്നായി അടിച്ചുവാരി വൃത്തിയാക്കും. അതിഥി വന്ന് വാതിലിൽ മുട്ടുമ്പോൾ, നിങ്ങൾ വാതിൽ തുറന്ന് അകത്തേക്ക് ക്ഷണിച്ച് ഇരുത്തും, അല്ലേ?

ഒരു അതിഥിയെ ഭക്ഷണത്തിനായി സ്വീകരിക്കുവാൻ നമ്മുടെ ഭവനം വൃത്തിയാക്കി ഇടാൻ നാം നിർബന്ധിതരാകുന്നു. അതുപോലെ യേശുവിനെ സ്വീകരിപ്പാൻ നമ്മുടെ ഹൃദയവും ശുദ്ധീകരിക്കേണ്ടത് അത്യാവശ്യമാണ്. കാരണം നമ്മുടെ ഹൃദയം പാപത്താൽ നിറഞ്ഞ് തികച്ചും അശുദ്ധമായിരിക്കുന്നു (മലിനമായിരിക്കുന്നു) എന്ന സത്യം നാം മനസ്സിലാക്കണം.

''ഹൃദയം എല്ലാറ്റിനെക്കാളും കപടവും വിഷമവുമുള്ളതു,'' (യിരെമ്യാവു 17:9)

''ദൈവം മനുഷ്യനെ നേരുള്ളവനായി സൃഷ്ടിച്ചു; അവരോ അനേകം സൂത്രങ്ങളെ അന്വേഷിച്ചു വരുന്നു.'' (സഭാപ്രസംഗി 7:29.b)

''മനുഷ്യനിൽനിന്നു പുറപ്പെടുന്നതത്രേ മനുഷ്യനെ അശുദ്ധനാക്കുന്നതു; അകത്തുനിന്നു, മനുഷ്യരുടെ ഹൃദത്തിൽനിന്നു തന്നെ, ദുശ്ചിന്ത, വ്യഭിചാരം, പരസംഗം, കുലപാതകം, മോഷണം, അത്യാഗ്രഹം, ദുഷ്ടത, ചതി, ദുഷ്കർമ്മം, വിടക്കുകണ്ണ്, ദൂഷണം, അഹങ്കാരം, മൂഢത എന്നിവ പുറപ്പെടുന്നു. ഈ ദോഷങ്ങൾ എല്ലാം അകത്തുനിന്നു പുറപ്പെട്ടു മനുഷ്യനെ അശുദ്ധനാക്കുന്നു എന്നും അവൻ പറഞ്ഞു.'' (മർക്കോസ് 7:20-23)

പക്ഷെ സോപ്പും വെള്ളവും കൊണ്ട് നാം നമ്മുടെ ഭവനം കഴുകി വൃത്തിയാക്കുന്നതുപോലെ നമ്മുടെ ഹൃദയം **നമ്മുക്കുതന്നെ** ശുദ്ധീകരിക്കാൻ **സാധിക്കയില്ല.** നമ്മുടെ ഹൃദയം ശുദ്ധീകരിക്കാൻ നമ്മുക്ക് ഒരു ''വിദഗ്ദ്ധന്റെ'' ആവശ്യം ഉണ്ട്. **ആ വിദഗ്ദ്ധൻ യേശു ക്രിസ്തു മാത്രമാണ്.** യേശു ക്രിസ്തുവിനു മാത്രമേ, തന്റെ **പാപമില്ലാത്ത വിലയേറിയ രക്തത്താൽ, പാപം നിറഞ്ഞ് അശുദ്ധമായിരിക്കുന്ന മനുഷ്യഹൃദയത്തെ ശുദ്ധീകരിക്കാൻ സാധിക്കു.**

''അവന്റെ (ദൈവത്തിന്റെ) പുത്രനായ യേശുവിന്റെ രക്തം സകല പാപവും പോക്കി നമ്മെ ശുദ്ധീകരിക്കുന്നു.'' (1 യോഹന്നാൻ 1:7.b)

''അവനിൽ (യേശുവിൽ) നമ്മുക്ക് അവന്റെ (യേശുവിന്റെ) രക്തത്താൽ അതിക്രമങ്ങളുടെ മോചനമെന്ന വീണ്ടെടുപ്പ് ഉണ്ട്.'' (എഫെസ്യർ 1 :7)

''വ്യർത്ഥവും പിതൃപാരമ്പര്യവുമായുള്ള നിങ്ങളുടെ നടപ്പിൽ നിന്നു നിങ്ങളെ വീണ്ടെടുത്തിരിക്കുന്നതു പൊന്നു, വെള്ളി മുതലായ അഴിഞ്ഞുപോകുന്ന വസ്തുക്കളെക്കൊണ്ടല്ല, ക്രിസ്തു എന്ന നിർദ്ദോഷവും നിഷ്കളങ്കവുമായ കുഞ്ഞാടിന്റെ (യേശുവിന്റെ) വിലയേറിയ രക്തം കൊണ്ടത്രെ എന്നു നിങ്ങൾ അറിയുന്നുവല്ലോ''. (1 പത്രോസ് 1:18,19)

ഒരു ''അതിഥി'' നമ്മുടെ ഭവനത്തിലേക്ക് വരുന്നത് ''അല്പസമയത്തേക്ക്'' മാത്രമാണ്. എന്നാൽ ''യേശു'' നമ്മുടെ ഹൃദയത്തിലേക്ക് (ജീവിതത്തിലേക്ക്) വരുന്നത് ''എന്നന്നേക്കും'' നമ്മുടെ കർത്താവായിട്ടും, തന്റെ പരിശുദ്ധ ആത്മാവിനാൽ നമ്മുടെ ദൈനംദിന ജീവിതത്തിൽ തെറ്റിപ്പോകാതെ നമ്മെ സകല സത്യത്തിലും വഴിനടത്തുവാനുമാണ്. (യോഹന്നാൻ 16:13)

നമ്മുടെ ശരീരം ദൈവത്തിന്റെ ഭവനം (മന്ദിരം) ആണ്. ഭവനമാകുന്ന നമ്മുടെ ശരീരത്തിന്റെ വാതിൽ ഹൃദയമാണ്. ഹൃദയമാകുന്ന വാതിൽ നാം ഉള്ളിൽ നിന്നും പൂട്ടിയിരിക്കുന്നു. നാം തന്നെ ആ പൂട്ട് മാറ്റി, വാതിൽ തുറന്ന്, യേശുവിനെ നമ്മുടെ ഹൃദയത്തിനുള്ളിലേക്ക് **വ്യക്തിപരമായി** ക്ഷണിക്കണം (സ്വീകരിക്കണം).



''ഞാൻ വാതിൽക്കൽ നിന്നു മുട്ടുന്നു. ആരെങ്കിലും എന്റെ ശബ്ദം കേട്ടു വാതിൽ തുറന്നാൽ ഞാൻ അവന്റെ അടുക്കൽ ചെന്നു അവനോടും അവൻ എന്നോടും കൂടെ അത്താഴം കഴിക്കും.'' (വെളിപ്പാട് 3:20)

ആയതിനാൽ പ്രിയ സുഹൃത്തേ, ദയവായി താങ്കൾ ഇപ്പോൾ യേശുവിനെ താങ്കളുടെ ഹൃദയത്തിനുള്ളിലേക്ക് താങ്കളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കുമോ? അതിനായി ഒരു നിമിഷമേ വേണ്ടൂ! ബൈബിൾ പറയുന്നു ...

''യേശുവിനെ കർത്താവു എന്നു വായ്കൊണ്ട് ഏറ്റുപറകയും ദൈവം അവനെ മരിച്ചവരിൽ നിന്നു ഉയർത്തെഴുന്നേല്പിച്ചു എന്നു ഹൃദയംകൊണ്ടു വിശ്വസിക്കയും ചെയ്താൽ നീ രക്ഷിക്കപ്പെടും. ഹൃദയംകൊണ്ടു നീതിക്കായി വിശ്വസിക്കയും വായ്കൊണ്ടു രക്ഷെക്കായി ഏറ്റുപറകയും ചെയ്യുന്നു.'' (റോമർ 10:910)

**ദയവായി ഈ ചെറിയ വാചകങ്ങൾ, താങ്കൾക്ക് കേൾക്കാവുന്ന ശബ്ദത്തിൽ, ഇപ്പോൾതന്നെ ശ്രദ്ധയോടെ, വിശ്വാസത്തോടെ ദൈവത്തോട് ഏറ്റുപറയുക...**

''**ദൈവമേ,** എന്റെ പാപങ്ങളിൽ നിന്നും എന്നെ രക്ഷിക്കാൻ, യേശു ക്രിസ്തു എന്റെ പാപങ്ങൾ ഏറ്റെടുത്ത് എന്റെ പാപപരിഹാരത്തിനായി തന്റെ രക്തം ചൊരിഞ്ഞ് എനിക്കു പകരക്കാരനായി മരിച്ചു, അടക്കപ്പെട്ടു എന്നും, ദൈവം യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിച്ചു എന്നും, ഞാൻ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു.

ദൈവമേ, പാപിയായ എന്നോട് എന്റെ പാപങ്ങൾ ക്ഷമിച്ച് അങ്ങേയുടെ പാപമില്ലാത്ത രക്തത്താൽ എന്നെ കഴുകി എന്നെ ശുദ്ധീകരിക്കേണമേ.

**യേശുവേ, അങ്ങയേ ഞാൻ ഇപ്പോൾ എന്റെ കർത്താവും സ്വന്തരക്ഷിതാവും ആയി ഏറ്റുപറഞ്ഞ് സ്വീകരിക്കുന്നു.**

കർത്താവായ യേശുവേ, ദയവായി **ഇപ്പോൾ എന്റെ ഹൃദയത്തിലേക്ക് വന്ന്** അങ്ങേയുടെ പരിശുദ്ധാത്മാവിനാൽ എന്നെ സകല സത്യത്തിലേക്കും എന്നെ നടത്തേണമേ.

എന്നെ രക്ഷിച്ചതിനായി നന്ദി.''

ഇപ്പോൾ താങ്കൾ ആത്മാർത്ഥമായി ആ ചെറിയ വാചകങ്ങൾ ദൈവത്തോട് ഏറ്റുപറഞ്ഞു എങ്കിൽ, താങ്കളോട് ഞാൻ ഒരു ചോദ്യം ചോദിക്കട്ടെ ... ചിന്തിച്ച് ഉത്തരം പറയുക:

## യേശു ഇപ്പോൾ എവിടെയാണ് ?

.
.
.

''**യേശു ഇപ്പോൾ എന്റെ ഹൃദയത്തിലാണ്** '' എന്നതാണ് താങ്കളുടെ ഉത്തരം/മറുപടി എങ്കിൽ താങ്കൾ യഥാർത്ഥമായും ആ ചെറിയ വാചകങ്ങൾ ഏറ്റുപറഞ്ഞു എന്ന് ഞാൻ വിശ്വസിക്കുന്നു. (താങ്കളുടെ ഉത്തരം അതല്ലായിരുന്നു എങ്കിൽ, ദയവായി ആ വാചകങ്ങൾ **ഒന്നുകൂടെ** ശ്രദ്ധയോടെ ഏറ്റുപറഞ്ഞ് ''യേശുവിനെ താങ്കളുടെ ഹൃദയത്തിനുള്ളിലേക്ക് ക്ഷണിച്ചശേഷം'' തുടർന്ന് വായിക്കുക... )

അതെ, യേശു ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിലാണ്. കാരണം നിങ്ങൾ ഇപ്പോൾ ആ ഏറ്റുപറച്ചിലിലൂടെ യേശു ക്രിസ്തുവിനെ നിങ്ങളുടെ ഹൃദയത്തിലേക്ക് ക്ഷണിച്ചു. നമ്മുക്ക് എന്തെങ്കിലും ലഭിക്കുമ്പോൾ നമ്മൾ നന്ദി പറയാറില്ലേ? യേശുവിനോട് നന്ദി പറയുന്നത് വിശ്വാസത്തിന്റെ പ്രകടനമാണ്; ദയവായി പറയൂ — ''**കർത്താവായ യേശുവേ, എന്റെ ഹൃദയത്തിലേക്ക് വന്നതിന് നന്ദി**''.



ഇപ്പോൾ, നിങ്ങൾ യേശുവിനെ നിങ്ങളുടെ കർത്താവും സ്വന്തരക്ഷിതാവുമായി സ്വീകരിച്ച ആ നിമിഷം വരെ, ദൈവത്തോടുള്ള നിങ്ങളുടെ ബന്ധം ''**സൃഷ്ടാവും — സൃഷ്ടിയും**'' എന്നുമാത്രമായിരുന്നു. എന്നാൽ ഇപ്പോൾ അതുമാറി, ''**സ്നേഹവാനായ പിതാവ് — പ്രിയ പുത്രൻ/പുത്രി**'' എന്ന ബന്ധത്തിലായിരിക്കുന്നു. തന്നെയല്ല, നിങ്ങൾ യേശുവിനെ കർത്താവായി സ്വീകരിക്കുന്നതിന് മുമ്പ്വരെ നിങ്ങളുടെ പിതാവ് സാത്താനായിരുന്നു (മത്തായി 3:7, 12:34, 23:33; ലൂക്കൊസ് 3:7; യോഹന്നാൻ 8:44). എന്നാൽ സർവശക്തനും കരുണാസമ്പന്നനുമായ ദൈവമാണ് **ഇപ്പോൾ** നിങ്ങളുടെ പിതാവ്. അതായത്, താങ്കൾ ഇപ്പോൾ ദൈവവചനപ്രകാരം രക്ഷിക്കപ്പെട്ട് (വീണ്ടും ജനിച്ച്) ഒരു ദൈവപൈതൽ ആയിരിക്കുന്നു. ഇപ്പോൾ നിങ്ങളുടെ ഹൃദയത്തിൽ യേശു വന്നതിനാൽ ഒരു പ്രത്യേക സന്തോഷവും സമാധാനവും തോന്നുന്നില്ലേ? ദൈവം നമ്മുക്ക് എന്തുചെയ്തു എന്ന് മനസ്സിലാക്കി നമ്മൾ ദൈവത്തെ പൂർണ്ണ ഹൃദയത്തോടും, ആത്മാവോടും, ശക്തിയോടും, മനസ്സോടും കൂടെ സ്നേഹിക്കണം. (ലൂക്കൊസ് 10:27) യേശുവിനെ സ്വീകരിക്കുന്ന ആരേയും യേശു **ഒരുനാളും** ഉപേക്ഷിക്കയില്ല!

ഇത്ര വലിയ അനുഗ്രഹം തന്ന് മഹാസ്നേഹത്താൽ നമ്മെ സ്നേഹിക്കുന്ന ദൈവത്തോട് നാം എപ്പോഴും നന്ദിയും സ്നേഹവും ഉള്ളവരായിരിക്കണം. ''സ്വന്തപുത്രനെ (യേശുവിനെ) ആദരിക്കാതെ നമ്മുക്കു എല്ലാവർക്കും വേണ്ടി ഏല്പിച്ചു തന്നവൻ (പിതാവായ ദൈവം) അവനോടുകൂടെ സകലവും നമ്മുക്കു നൽകാതിരിക്കുമോ?'' ''ക്രിസ്തുവോ നാം പാപികൾ ആയിരിക്കുമ്പോൾതന്നെ നമുക്കു വേണ്ടി മരിക്കയാൽ ദൈവം തനിക്കു നമ്മോടുള്ള സ്നേഹത്തെ പ്രദർശിപ്പിക്കുന്നു.'' (റോമർ 8:32; 5:8).

ഒരിക്കൽ താങ്കൾ **മാതാപിതാക്കളിൽ** നിന്നും ശാരീരികമായി ഈ ലോകത്തിലേക്ക് ജനിച്ചു. ഇപ്പോൾ ദൈവത്തിന്റെ സ്വർഗ്ഗീയ കുടുംബത്തിലെ ഒരു അംഗമായി (ഒരു ശിശുവായി) താങ്കൾ **ക്രിസ്തുവിൽ** ആത്മീകമായും ജനിച്ചിരിക്കുന്നു. ആകയാൽ താങ്കൾ സന്തോഷിച്ചുല്ലസിക്കുക. താങ്കൾ 'വീണ്ടും ജനിച്ചു' എന്നാൽ '**ക്രിസ്തുവിൽ താങ്കൾ ഒരു പുതിയ സൃഷ്ടിയായി/മനുഷ്യനായിത്തീന്നു**' എന്നർത്ഥം. ജാതിമതഭേതമില്ലാതെ എല്ലാ മനുഷ്യരെക്കുറിച്ചും ഇതാണ് ദൈവം ആഗ്രഹിക്കുന്നത്.

"ഒരുത്തൻ ക്രിസ്തുവിലായാൽ അവൻ പുതിയ സൃഷ്ടി ആകുന്നു; പഴയതു കഴിഞ്ഞുപോയി, ഇതാ അതു പുതുതായി തീർന്നിരിക്കുന്നു". (2 കൊരിന്ത്യർ 5:17)

മനുഷ്യനായി ജനിച്ച ഏതൊരു വ്യക്തിക്കും ദൈവപൈതൽ (മകൻ/മകൾ) ആകുവാൻ ദൈവത്തിന് ഒരേ ഒരു വ്യവ സ്ഥയേ ഉള്ളു. അത് യോഹന്നാൻ 1:12,13-ൽ പറയുന്നതാണ്: "അവനെ (യേശുവിനെ) കൈക്കൊണ്ട് (സ്വീകരിച്ച്) അവന്റെ (യേശുവിന്റെ) നാമത്തിൽ വിശ്വസിക്കുന്ന ഏവർക്കും ദൈവ മക്കൾ ആകുവാൻ അവൻ (ദൈവം) അധികാരം കൊടുത്തു. അവർ രക്തത്തിൽ നിന്നല്ല, ജഡത്തിന്റെ ഇഷ്ടത്താലല്ല, പുരുഷന്റെ ഇഷ്ടത്താലുമല്ല, ദൈവത്തിൽ നിന്നത്രേ ജനിച്ചത്."

ഇങ്ങനെയാണ് ദൈവം മനുഷ്യന് ഒരുക്കിയിരിക്കുന്ന സൗജന്യമായ **നിത്യജീവൻ** വിശ്വാസത്താൽ പ്രാപിക്കേണ്ടത് — ഇങ്ങനെയാണ് നമ്മൾ **വീണ്ടും ജനിക്കേണ്ടത്** അഥവാ **രക്ഷിക്കപ്പെടേണ്ടത്**! **ഈ ആത്മീക-ജനനം വിശ്വാസത്താൽ മാത്രം സംഭവിക്കുന്ന ഒരു മഹാത്ഭുതമാണ്!**



**ദയവായി മനസ്സിലാക്കൂ:** ദൈവം ആത്മാവാകുന്നു. ആദ്യമനുഷ്യനായ ആദാമിന്റെ മക്കളായി ജനിച്ച നാം എല്ലാവരും പാപത്താൽ ആത്മീകമായി മരിച്ചവർ ആണ്. ആകയാൽ, ദൈവകോപത്തിൽ നിന്നും നിത്യ നരകത്തിൽ നിന്നും **നമ്മുക്ക് തന്നെത്താൻ** നമ്മളെ രക്ഷിക്കാൻ കഴിവില്ല! ഒരു ശവത്തിന് ഒന്നും ചെയ്യുവാൻ കഴിവില്ലാത്തപോലെ, എന്തെങ്കിലും പുണ്യ/നീതിപ്രവർത്തികൾ ചെയ്ത് ദൈവത്തെ പ്രസാദിപ്പിക്കുവാനും ഈ മരണാവസ്ഥയിൽ കിടക്കുന്ന നമ്മുക്ക് കഴിവില്ലാത്തവരാണ്. നമ്മുടെ നീതിപ്രവർത്തികൾ ദൈവത്തിന്റെ മുമ്പാകെ 'കറപുരണ്ട' തുണിപോലെ ആണ്. പാപത്താൽ നമ്മൾ എല്ലാവരും അശുദ്ധരായിത്തീർന്നിരിക്കുന്നു. പരിശുദ്ധനായ ദൈവത്തിന്റെ സ്വർഗ്ഗരാജ്യത്തിൽ കടക്കു വാൻ അശുദ്ധനായ ഒരു മനുഷ്യനും "യോഗ്യത" ഇല്ല — **അത് അസാധ്യമാണ്**! വാസ്തവത്തിൽ നാം എല്ലാവരും അർഹിക്കുന്നത് നരകം മാത്രം! മതങ്ങൾക്കോ പുരോഹിതർക്കോ ആർക്കും നമ്മെ രക്ഷിക്കാൻ സാധിക്കില്ല — **യേശുവിനു മാത്രമേ സാധിക്കൂ.** എന്നാൽ കരുണാസമ്പന്നനായ ദൈവം നമ്മെ സ്നേഹിച്ച മഹാസ്നേഹം നിമിത്തം തന്റെ ഏകമകനായ യേശു ക്രിസ്തുവിലൂടെ സകല മനു ഷ്യർക്കും നിത്യജീവൻ/രക്ഷ സൗജന്യമായി **ദാനം** തന്നിരിക്കുന്നു. നമ്മൾക്ക് അർഹതയില്ലാത്ത ഇത്ര വലിയ രക്ഷ, ദൈവത്തിന്റെ കൃപയാൽ നാം വിശ്വസിച്ച് പ്രാപിക്കണം (സ്വീകരിക്കണം). (യോഹന്നാൻ 3:16, 4:24; എഫെസ്യർ 2:1; കൊലോസ്യർ 2:13; യെശയ്യാവ് 64:6)സ്വീ

"കൃപയാലല്ലോ നിങ്ങൾ വിശ്വാസം മൂലം രക്ഷിക്കപ്പെട്ടിരിക്കുന്നത്; അതിനും നിങ്ങൾ കാരണമല്ല; ദൈവത്തിന്റെ ദാനമത്രേയാകുന്നു. ആരും പ്രശംസിക്കാതിരിക്കുവാൻ പ്രവർത്തികളും കാരണമല്ല." (എഫെസ്യർ 2:8, 9)

"നരകയോഗ്യരായ" നമ്മളെ "സ്വർഗ്ഗയോഗ്യർ" ആക്കിത്തീർക്കുവാൻ ആണ് യേശു "രക്ഷകനായി" ഈ ഭൂമിയിലേക്ക് വന്നത്. ബൈബിൾ പറയുന്നു, സ്വർഗ്ഗം ദൈവത്തിന്റെ സൗജന്യ ദാനം ആണ് — അത് നേടുവാൻ/വാങ്ങുവാൻ സാധ്യമേ അല്ല. യേശുവിനെ കർത്താവും രക്ഷകനുമായി ആയി വിശ്വസിച്ച് സ്വീകരിക്കാത്ത **ആർക്കും** സ്വർഗ്ഗം കാണാൻ സാധിക്കയില്ല! സൗജന്യമായ ഈ ദാനം തള്ളിക്കളയുന്നവർ നിത്യനരകത്തിൽ എന്നന്നേക്കുമായി നശിച്ചു പോകും! (യോഹന്നാൻ 3:16, 36)



**ശ്രദ്ധിക്കൂ!** ബൈബിൾ ഇപ്രകാരം പറയുന്നു: "ഒരിക്കൽ മരിക്കയും പിന്നെ ന്യായവിധിയും മനുഷ്യർക്കു നിയമിച്ചിരിക്കുന്നു" (എബ്രായർ 9:27). ജാതിമതഭേതമില്ലാതെ എല്ലാ മനുഷ്യരും വ്യക്തിപ രമായി, മുഖാമുഖമായി, നീതിമാനായ നിത്യന്യായാധിപധി യേശു ക്രിസ്തുവിന്റെ മുമ്പിൽ നിൽക്കു വാൻ ദൈവം ഒരു ദിവസം/സമയം നിശ്ചയിച്ചിരിക്കുന്നു. അതിന് യാതൊരു ഒഴികഴിവും ഇല്ല. മനു ഷ്യനായി ജനിച്ച ആരും അതിൽ നിന്നും ഒഴിവാക്കപ്പെടുകയില്ല. എന്തും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം ദൈവം നമ്മുക്ക് നൽകിയിരിക്കുന്നു — യേശുവിനെ സ്വീകരിക്കുവാനും തള്ളിക്കളയുവാ നുമുള്ള സ്വാതന്ത്ര്യം! സ്വർഗ്ഗവും നരകവും തിരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം! നാളെ ദൈവമുമ്പാകെ നിൽക്കേണ്ടിവരും എന്നതിനാൽ ബുദ്ധിയോടെ തീരുമാനം എടുക്കൂ — **യേശുവിനെ സ്വീകരിക്കൂ!**

നമ്മൾ ഭക്ഷണം പാകം ചെയ്തശേഷം, നാം അത് രുചിച്ച് നോക്കും. നല്ലതെങ്കിൽ മാത്രമേ നാം അത് മറ്റുള്ളവർക്ക് കൊടുക്കുകയുള്ളു. അതുപേലെ, ഞാൻ എന്റെ കർത്താവായ യേശു ക്രിസ്തുവിന്റെ മഹൽ സ്നേഹം രുചിച്ചറിഞ്ഞ് യേശു മാത്രം നല്ലവൻ എന്നും യേശു മാത്രം രക്ഷകൻ എന്നും സംശയമെന്യേ വിശ്വസിക്കുന്നതുകൊണ്ടാണ് താങ്കളോട് ഞാൻ എന്റെ യേശുവിനെ താങ്കളുടെ ഹൃദ യത്തിലേക്കു ക്ഷണിക്കാൻ ഉത്സാഹിപ്പിക്കുന്നത്. നാളെ എന്ത് സംഭവിക്കും എന്ന് നാം അറിയുന്നില്ല എന്ന് ബൈബിൾ പറയുന്നു. **യേശുവിനെ താങ്കളുടെ ഹൃദയത്തിനുള്ളിലേക്ക് ക്ഷണിച്ചുവോ?** ഇല്ലെങ്കിൽ ഇപ്പോൾതന്നെ ഈ ചെറിയ വാചകങ്ങൾ വിശ്വാസത്തോടെ ദൈവത്തോട് ഏറ്റുപറഞ്ഞ് യേശുവിനെ താങ്കളുടെ കർത്താവും സ്വന്തരക്ഷിതാവും ആയി സ്വീകരിക്കുക...

"**ദൈവമേ,** എന്റെ പാപങ്ങളിൽ നിന്നും എന്നെ രക്ഷിക്കാൻ, യേശു ക്രിസ്തു എന്റെ പാപങ്ങൾ ഏറ്റെടുത്ത് എന്റെ പാപപരിഹാരത്തിനായി തന്റെ രക്തം ചൊരിഞ്ഞ് എനിക്കു പകരക്കാരനായി മരിച്ചു, അടക്കപ്പെട്ടു എന്നും, ദൈവം യേശുവിനെ മരിച്ചവരുടെ ഇടയിൽ നിന്നും ഉയർപ്പിച്ചു എന്നും, ഞാൻ പൂർണ്ണഹൃദയത്തോടെ വിശ്വസിക്കുന്നു. ദൈവമേ, പാപിയായ എന്നോട് എന്റെ പാപങ്ങൾ ക്ഷമിച്ച് അങ്ങേയുടെ പാപമില്ലാത്ത രക്തത്താൽ എന്നെ കഴുകി എന്നെ ശുദ്ധീകരിക്കേണമേ. **യേശുവേ, അങ്ങയേ ഞാൻ ഇപ്പോൾ എന്റെ കർത്താവും സ്വന്തരക്ഷിതാവും ആയി ഏറ്റുപറഞ്ഞ് സ്വീകരിക്കുന്നു.** കർത്താവായ യേശുവേ, ദയവായി **ഇപ്പോൾ എന്റെ ഹൃദയത്തിലേക്ക് വന്ന്** അങ്ങേയുടെ പരിശുദ്ധാത്മാവിനാൽ എന്നെ സകല സത്യത്തി ലേക്കും എന്നെ നടത്തേണമേ. എന്നെ രക്ഷിച്ചതിനായി നന്ദി."

യേശു ക്രിസ്തുവിനെ താങ്കളുടെ കർത്താവും രക്ഷകനും ആയി സ്വീകരിക്കുന്നതിനു മുമ്പ് താങ്കൾ മരിച്ചുപോയിരുന്നെങ്കിൽ, ഒരിക്കലും കെടാത്ത തീപൊയ്കയിലേക്ക് തള്ളപ്പെട്ട് ഒരിക്കലും രക്ഷപ്പെടുവാൻ സാധിക്കാതെ താങ്കൾ എന്നന്നേക്കുമായി നശിച്ചു പോകുമായിരുന്നു!!! **രക്ഷിക്കപ്പെടുന്നതിന്റെ** അഥവാ **വീണ്ടും ജനിക്കുന്നതിന്റെ പ്രാധാന്യം ഇതാണ് !!!** യേശുവിനെ രക്ഷകനായി സ്വീകരിക്കാതെ മരിക്കുന്ന ഏതൊരു വ്യക്തിയും നിത്യനരകത്തിലേക്ക് തള്ളപ്പെടും എന്ന സത്യം ഇപ്പോൾ നിങ്ങൾക്ക് മനസ്സിലായതിനാൽ, നിങ്ങളുടെ പരിചയത്തിലുള്ള എല്ലാ കൂട്ടുകാർക്കും പ്രിയ ബന്ധുക്കൾക്കും ഉടനേ തന്നെ **സാറായുടെ കത്ത്** നേരിട്ടോ ഫോണിൽ കൂടെയോ **sms**-വഴിയോ കൊടുക്കുക; ഈ-മെയിൽ വഴി **(E-MAIL)** അയച്ചു കൊടുക്കുക; **FACEBOOK**-ലോ **TWITTER**-ലോ ഒക്കെ പോസ്റ്റ് ചെയ്യുക. നിങ്ങളാൽ കഴിയുന്നിടത്തോളം പേരേ എത്രയും വേഗം സ്വർഗ്ഗത്തിലേക്ക് നയിക്കുക. യേശു വരാറായി...

പ്രിയപ്പെട്ട സഹോദരാ/സഹോദരീ, ഈ **സാറായുടെ കത്തിലൂടെ** നിങ്ങൾ ഇപ്പോൾ യേശുവിനെ നിങ്ങളുടെ കർത്താവും രക്ഷിതാവുമായി സ്വീകരിച്ചതിനാൽ, നിങ്ങളോടുകൂടെ ഞാനും സന്തോഷിക്കേണ്ടതിന് ഈ വിലാസത്തിൽ എനിക്ക് **e-mail** ചെയ്താൽ ഉപകാരം: **sarah@his-amazing-love.org**

**വീണ്ടും ജനനം നിങ്ങളുടെ ആത്മീയ പിറനാളാണ്**! ഇന്നത്തെ തീയതി കുറിച്ചിട്ടാൽ നിങ്ങൾക്ക് ഓർക്കാൻ എളുപ്പമാണ്. ''ഇന്ന് മരിച്ചാൽ സ്വർഗ്ഗത്തിൽ പോകുമോ?'' എന്ന് ആരെങ്കിലും നിങ്ങളോട് ചോദിച്ചാൽ – ''അതെ, തീർച്ചയായും; ദൈവ കൃപയാൽ ഞാൻ രക്ഷിക്കപ്പെട്ടതാണ് (വീണ്ടും ജനിച്ചതാണ്)'' എന്ന് വിശ്വാസത്തോടെ ധൈര്യമായി പറയുക. ദൈവം താങ്കളെ അനുഗ്രഹിക്കട്ടെ!

''ദൈവപുത്രന്റെ (യേശു ക്രിസ്തുവിന്റെ) നാമത്തിൽ വിശ്വസിക്കുന്ന നിങ്ങൾക്ക് ഞാൻ ഇത് എഴുതിയിരിക്കുന്നത് നിങ്ങൾക്കു നിത്യജീവൻ ഉണ്ടെന്ന് നിങ്ങൾ അറിയേണ്ടതിനു തന്നേ.'' (1 യോഹന്നാൻ 5:13)

''**എന്റെ അടുക്കൽ വരുന്നവനെ ഞാൻ ഒരുനാളും തള്ളിക്കളകയില്ല**'' എന്നു വാഗ്ദത്തം ചെയ്ത എന്റെ കർത്താവും എന്റെ സ്വന്തരക്ഷിതാവുമായി യേശു ക്രിസ്തുവിന്റെ ഏറ്റവും അനുഗ്രഹിക്കപ്പെട്ടതും അതിവിശുദ്ധവുമായ നാമത്തിൽ, ഞാൻ താങ്കളെ സകല സ്വർഗ്ഗീയ/ആത്മീക അനുഗ്രഹങ്ങളാലും ഭൗതീക അനുഗ്രഹങ്ങളാലും ഇപ്പോൾ അനുഗ്രഹിക്കുന്നു!

നമ്മുടെ പിതാവായ ദൈവത്തിന്റെ സ്നേഹവും, കർത്താവായ യേശു ക്രിസ്തുവിന്റെ കൃപയും സമാധാനവും, പരിശുദ്ധാത്മാവാം ദൈവത്തിന്റെ കൂട്ടായ്മയും എപ്പോഴും നിങ്ങളോടുകുടെ ഇരിക്കുമാറാകട്ടെ, ആമേൻ.

ക്രിസ്തുവിൽ പ്രിയ

സാറാ*

* സാറാ ഒരു തൂലികാ നാമവും, ഞങ്ങളുടെ ഒരു സ്റ്റാഫിന്റെ മകളുടെ പേരുമാണ്.

(Attributes added to Bible verses by me.)

---

- എന്താണ് കരുണയും കൃപയും?
- എന്താണ് സുവിശേഷം?
- എന്താണ് മാനസാന്തരം?
- സ്വർഗ്ഗവും നരകവും ദൈവം നേരത്തേ മനുഷ്യർക്ക് നിശ്ചയിച്ചിട്ടില്ലേ?
- ഒരിക്കലും മരിക്കാതെ സ്വർഗ്ഗത്തിൽ പോകാൻ സാധിക്കുമോ?
- എന്നെ രക്ഷിക്കാൻ എന്തുകൊണ്ട് യേശു മരിക്കേണ്ടിവന്നു?
- എന്നെ രക്ഷിക്കാൻ വേണ്ടി യേശു എന്റെ പാപങ്ങൾ ഏറ്റെടുത്ത് എനിക്ക് പകരക്കാരനായി മരിച്ചു, അടക്കപ്പെട്ടു, ഉയർത്തെഴുന്നേറ്റു. അപ്പോൾതന്നെ ഞാൻ രക്ഷിക്കപ്പെട്ടു കഴിഞ്ഞില്ലേ? പിന്നെ എന്തിന് ഞാൻ വീണ്ടും രക്ഷിക്കപ്പെടണം അല്ലെങ്കിൽ വീണ്ടും ജനിക്കണം?
- മനുഷ്യർ ജനിക്കുന്നത് പാപ-കളങ്കം ഇല്ലാതെ നിഷ്ക്കളങ്കരായാണോ?
- നിഷ്ക്കളങ്കരായി അല്ലെങ്കിൽ ഒരു കുഞ്ഞ് മരിച്ചാൽ എവിടെ പോകും?
- പുണ്യപ്രവൃത്തികൾ ചെയ്ത് ദൈവത്തെ പ്രസാദിപ്പിച്ച് സ്വർഗ്ഗത്തിലേക്ക് പ്രവേശനം നേടാമോ?
- നിത്യശിക്ഷാവിധി മരണശേഷമോ?
- ന്യായവിധി ദിവസത്തിൽ ദൈവത്തിന്റെ തുലാസിൽ ദുഷ്പ്രവൃത്തികൾക്ക് പുണ്യ പ്രവൃത്തികളേക്കാൾ ഭാരം കൂടിപ്പോയാൽ — പിന്നെ എന്ത്?
- ഇന്ന് മരിച്ചാൽ നരകത്തിൽ പോകില്ല എന്ന് താങ്കൾക്ക് എന്തെങ്കിലും ഉറപ്പുണ്ടോ?
- ഈ ലോകത്തിൽ 'ഇഷ്ടംപോലെ' ജീവിച്ചിട്ട് മരണശേഷം ദൈവം ആത്മാക്കളുടെ പാപങ്ങൾ ശുദ്ധീകരിച്ച് സ്വർഗ്ഗത്തിലേക്ക് വലിച്ചുകയറ്റുമോ?

**മുതലായ ചോദ്യങ്ങളുടെ ഉത്തരങ്ങൾക്ക് ദയവായി വായിക്കുക രണ്ടാം ഭാഗം:**

**സാറായുടെ കത്ത്**